REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 07-00-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിന്റെ തയ്യാറെടുപ്പുകൾ കൊച്ചിയിൽ രാഷ്ട്രീയ പാർട്ടികളുമായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ വിലയിരുത്തി.**
- **ആലപ്പുഴ, കോട്ടയം ജില്ലകളെ ബന്ധിപ്പിക്കുന്ന പുനർനിർമ്മിച്ച AC റോഡ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നാടിന് സമർപ്പിക്കും.**
- **ഇറാൻ നിരുപാധികം കീഴടങ്ങുന്നതുവരെ മറ്റൊരു ഒത്തുതീർപ്പിനും തയ്യാറല്ലെന്ന് US പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ്.**
- **സ്ത്രീകളുടെ പരാതികൾ കേൾക്കാനും പരിഹാരം ഉറപ്പാക്കാനും രാജ്യവ്യാപകമായി ദേശീയ വനിതാ കമ്മീഷൻ ഇന്നു മുതൽ മഹിള ജൻ സുൻവായ് സംഘടിപ്പിക്കും.**
- **ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് ചെന്നൈയിൻ FC യെ നേരിടും.**

## വാർത്തകൾ വിശദമായി

കേരളത്തിലെ തീവ്രവോട്ടർപട്ടിക പരിഷ്ക്കരണം സമാധാനപരമായും സുഗമമായും പൂർത്തിയാക്കിയ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനെ മിക്ക രാഷ്ട്രീയ പാർട്ടികളും പ്രശംസിച്ചു. വോട്ടർപട്ടികപുതുക്കലിൽ BLO മാരുടെ മികച്ച പ്രവർത്തനത്തെയും രാഷ്ട്രീയ പാർട്ടികൾ അഭിനന്ദിച്ചു. സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിന്റെ തയ്യാറെടുപ്പുകൾ കൊച്ചിയിൽ രാഷ്ട്രീയ പാർട്ടികളുമായി വിലയിരുത്തുകയായിരുന്നു തിരഞ്ഞെടുപ്പ് കമ്മീഷൻ.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്).......

മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറും, കമ്മീഷണർമാരായ സുഖ്ബീർ സിംഗ് സന്ധു, വിവേക് ജോഷി എന്നിവരും കൂടിക്കാഴ്ചയിൽ പങ്കെടുത്തു. കോൺഗ്രസ്, മുസ്ലീംലീഗ്, BJP അടക്കം അംഗീകൃത രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ കമ്മീഷനുമായി കൂടിക്കാഴ്ച നടത്തി. തിരഞ്ഞെടുപ്പ് തിയതികൾ നിശ്ചയിക്കുമ്പോൾ സംസ്ഥാനത്തെ പ്രാദേശിക ആഘോഷങ്ങൾ കൂടി കണക്കിലെടുക്കണമെന്ന് അവർ കമ്മീഷനോട് അഭ്യർത്ഥിച്ചു.

തികച്ചും സുതാര്യമായാണ് സംസ്ഥാനത്തെ വോട്ടർപട്ടിക പുതുക്കൽ നടത്തിയതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പറഞ്ഞു. പേര് ചേർക്കുന്നതിനോ, ഒഴിവാക്കുന്നതിനോ, തിരുത്തലുകൾ വരുത്തുന്നതിനോ ഇപ്പോഴും അപേക്ഷ സമർപ്പിക്കാമെന്നും ഗ്യാനേഷ് കുമാർ അറിയിച്ചു.

✪✪✪

ആലപ്പുഴ, കോട്ടയം ജില്ലകളെ ബന്ധിപ്പിക്കുന്ന ഏറ്റവും പ്രധാന സംസ്ഥാന പാതയായ പുനർനിർമ്മിച്ച ആലപ്പുഴ - ചങ്ങനാശ്ശേരി AC റോഡ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. 2018-ലെ പ്രളയത്തിൽ തകർന്ന റോഡുകൾ കാലാവസ്ഥാ വ്യതിയാനങ്ങളെ പ്രതിരോധിക്കുന്ന രീതിയിൽ പുനർനിർമ്മിക്കുന്ന 'റീ ബിൽഡ് കേരള ഇനിഷ്യേറ്റീവി-ലാണ് നവീകരിച്ചത്. പെരുമ്പളം പാലവും മുഖ്യമന്ത്രി ഇന്ന് നാടിന് സമർപ്പിക്കും.

✪✪✪

സംസ്ഥാനത്തെ എല്ലാ മേഖലകളിലും അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കാൻ ഗവൺമെന്റിന് സാധിച്ചെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മാഹി കനാലിലെ കളിയാംവള്ളി പാലത്തിന്റെയും, തയ്യിൽ പാലത്തിന്റെയും പ്രവൃത്തി ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

കഴിഞ്ഞ പത്തു വർഷങ്ങളിൽ കിഫ്ബി വഴി മാത്രം ഒരു ലക്ഷത്തി 10,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കിയെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

കോഴിക്കോടിന്റെ മതസൗഹാർദ്ദ പാരമ്പര്യത്തിൽ ഖാസിമാരും സാമൂതിരിമാരും വഹിച്ച പങ്ക് അനിഷേധ്യമാണെന്ന് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. ഖാസി ഫൗണ്ടേഷന്റെ 17 ാം വാർഷികത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ അവാർഡ്, ജിഫ്രി മുത്തുക്കോയ തങ്ങൾക്ക് നൽകി സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

ഇറാൻ നിരുപാധികം കീഴടങ്ങുന്നതുവരെ മറ്റൊരു ഒത്തുതീർപ്പിനും തയ്യാറല്ലെന്ന് US പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് വ്യക്തമാക്കി.കീഴടങ്ങലിനു ശേഷം ഇറാന്റെ പുനർനിർമ്മാണത്തിന് അമേരിക്കയും സഖ്യരാജ്യങ്ങളും ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്നും അദ്ദേഹം സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. ഏതാനും ആഴ്ചകൾക്കകം ഇറാന്റെ വ്യോമമേഖല പിടിച്ചടക്കാൻ കഴിയുമെന്ന് വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലെവിറ്റും അറിയിച്ചു. ഇറാനെ നയിക്കാൻ കഴിയുന്ന നേതാവിനെ വാഷിംഗ്ടൺ കണ്ടെത്തുമെന്നും അവർ പറഞ്ഞു. ഇറാനിലെ ലക്ഷ്യങ്ങളിൽ 2,500 ഓളം ആക്രമണങ്ങൾ നടത്തിയതായി ഇസ്രയേൽ സൈന്യം അറിയിച്ചു. ഇറാന്റെ വ്യോമസുരക്ഷാ സംവിധാനത്തിന്റെ 80 ശതമാനം തകർത്തതായും അവർ പറഞ്ഞു.

ഇറാൻ പ്രസിഡണ്ട് മസൂദ് പെസെഷ്കി-യാനുമായി ടെലഫോണിൽ സംസാരിച്ച റഷ്യൻ പ്രസിഡണ്ട് വ്ലാഡിമിർ പുടിൻ, യുദ്ധം എത്രയും വേഗം അവസാനിപ്പിക്കണമെന്നും, നയതന്ത്ര തലത്തിൽ പരിഹാര ശ്രമങ്ങൾ ഉണ്ടാകണമെന്നും ആവശ്യപ്പെട്ടു.

അതിനിടെ, എണ്ണവില 2023 ന് ശേഷം ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തി. എട്ടര ശതമാനത്തോളമാണ് വർദ്ധന.

✪✪✪

ഇന്ത്യയിൽ ഇന്ധന ദൗർലഭ്യം ഇല്ലെന്നും, അത്തരമൊരാശങ്കയ്ക്ക് പ്രസക്തിയില്ലെന്നും കേന്ദ്രമന്ത്രി ഹർദ്ദീപ് സിംഗ് പുരി വ്യക്തമാക്കി. പൗരന്മാർക്ക് ഇന്ധന ലഭ്യത ഉറപ്പാക്കുന്നതിനാണ് ഗവൺമെന്റ് പ്രഥമ പരിഗണന നൽകുന്നതെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. പെട്രോളിനും, ഡീസലിനും ദൗർലഭ്യമുണ്ടെന്ന തരത്തിൽ സാമൂഹ്യ മാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകൾ അടിസ്ഥാനരഹിതമാണെന്ന് ഇന്ത്യൻ ഓയിൽ കോർപറേഷനും വ്യക്തമാക്കിയിട്ടുണ്ട്.

✪✪✪

രാജ്യത്തെ പാചക വാതക വില വർദ്ധിപ്പിച്ചു. ഗാർഹിക സിലിണ്ടറിന് 60 രൂപയാണ് വർധന. വാണിജ്യ സിലിണ്ടറിന് 115 രൂപയും വർദ്ധിപ്പിച്ചു.

രാജ്യാന്തര വിപണിയിൽ ക്രൂഡ് ഓയിൽ വില കുതിച്ചുയർന്നതാണ് പാചക വാതക വിലക്കയറ്റത്തിന് കാരണം.

✪✪✪

'ടെലിവിഷൻ വാർത്താ ചാനലുകളുടെ റേറ്റിംഗ് പോയിന്റുകൾ റിപ്പോർട്ട് ചെയ്യുന്നത് നാല് ആഴ്ചത്തേക്ക് നിർത്തിവയ്ക്കാൻ കേന്ദ്രഗവൺമെന്റ് ബ്രോഡ്കാസ്റ്റ് ഓഡിയൻസ് റിസർച്ച് കൗൺസിലിനോട് ആവശ്യപ്പെട്ടു ഇസ്രായേൽ-ഇറാൻ സംഘർഷം തുടരുന്നതിനിടെ ചില ചാനലുകൾ ഊഹാപോഹങ്ങളും വൈകാരിക ഉള്ളടക്കവും സംപ്രേഷണം ചെയ്യുന്ന സാഹചര്യത്തിലാണ് നടപടി.

✪✪✪

പശ്ചിമേഷ്യൻ സംഘർഷ സാഹചര്യത്തിൽ ഇന്നലെ 278 വിദേശ സർവീസുകൾ ഇന്ത്യൻ വിമാനക്കമ്പനികൾ റദ്ദാക്കി. ഇതുവരെ വിമാനക്കമ്പനികൾ 15,000 ത്തോളം യാത്രക്കാരെ സംഘർഷ മേഖലയിൽ നിന്ന് നാട്ടിലെത്തിച്ചതായി വ്യോമയാന മന്ത്രാലയം അറിയിച്ചു.

✪✪✪

ലോകം വല്ലാത്ത അവസ്ഥയിലൂടെയാണ് നീങ്ങി കൊണ്ടിരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. കോഴിക്കോട് മുതലക്കുളം മൈതാനിയിൽ LDF യുദ്ധവിരുദ്ധ സമാധാന റാലി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കടന്നാക്രമണങ്ങളെ ഒന്നിച്ച് നിന്ന് അപലപിക്കാൻ സമൂഹത്തിന് കഴിയണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വവും പരിപാടിയിൽ പങ്കെടുത്തു.

✪✪✪

ഇറാനിയൻ കപ്പൽ ഐറിസ് ലെവാന് അടിയന്തരമായി കൊച്ചിയിൽ ഡോക്ക് ചെയ്യാൻ അനുമതി നൽകി. കപ്പലിലെ 183 ജീവനക്കാർക്ക് കൊച്ചിയിലെ നാവികസേനാ കേന്ദ്രത്തിൽ താമസസൗകര്യം ഒരുക്കിയിട്ടുണ്ട്. സാങ്കേതിക പ്രശ്നത്തെ തുടർന്ന് കപ്പൽ കൊച്ചിയിലടുപ്പിക്കാൻ കഴിഞ്ഞ മാസം 28 നാണ് സന്ദേശം ലഭിച്ചത്. മാർച്ച് ഒന്നിന് ഡോക്ക് ചെയ്യാൻ അനുമതി നൽകി. ഇതനുസരിച്ച് നാലാം തിയതി കപ്പൽ കൊച്ചിയിലടുപ്പിച്ചു.

✪✪✪

സ്ത്രീകളുടെ പരാതികൾ കേൾക്കുന്നതിനും ഉടനടി പരിഹാരം ഉറപ്പാക്കുന്നതിനും ഇന്ന് മുതൽ രാജ്യവ്യാപകമായി മഹിള ജൻ സുൻവായ് സംഘടിപ്പിക്കുമെന്ന് ദേശീയ വനിതാ കമ്മീഷൻ അറിയിച്ചു. ഇതിലൂടെ 15,000

ത്തോളം പരാതികൾ പരിഹരിക്കാനും ഇരകൾക്ക് പിന്തുണ നൽകാനും, പ്രതികരണ സംവിധാനങ്ങൾ ശക്തിപ്പെടുത്താനും കഴിയുമെന്ന് കമ്മീഷൻ അധ്യക്ഷ വിജയ രഹത്കർ വിലയിരുത്തി.

✪✪✪

പ്രതിപക്ഷ നേതാവ് VD സതീശന്റെ പുതുയുഗ യാത്ര ഇന്ന് സമാപിക്കും. വൈകീട്ട് തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് സമാപന സമ്മേളനം ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉദ്ഘാടനം ചെയ്യും. ഫെബ്രുവരി ആറിന് കാസർകോട് നിന്നാണ് UDF ന്റെ പുതുയുഗ യാത്ര ആരംഭിച്ചത്.

✪✪✪

70 വർഷം കേരളം മാറിമാറി ഭരിച്ച LDF- UDF ഗവൺമെന്റുകൾ വികസന രംഗത്ത് ഒന്നും ചെയ്യാതെ സംസ്ഥാനത്തെ ജനങ്ങളെ വഞ്ചിക്കുകയാണെന്ന് കേന്ദ്രമന്ത്രി ശോഭ കരന്ദലജെ കുറ്റപ്പെടുത്തി. കണ്ണൂർ ധർമ്മടത്ത് BJP മെഗാഅദാലത്തിലും ജനസംഗമത്തിലും പങ്കെടുത്ത ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അവർ.

വികസനത്തിൽ കേരളത്തെ പിന്നോട്ട് നയിക്കുന്നത് ഇന്ത്യാ സഖ്യമാണെന്നും, കേരളം ഇടതു-വലതു മുന്നണികളെ മടുത്തുവെന്നും BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ ആരോപിച്ചു. മെഗാ അദാലത്തിൽ 3163 പരാതികൾ ലഭിച്ചു.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് കൊച്ചിയിൽ ചെന്നൈയിൻ FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

മറ്റൊരു മത്സരത്തിൽ മുഹമ്മദൻസ്, ബംഗളുരു FC യെ നേരിടും. വൈകിട്ട് അഞ്ചിന് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

ബെർമിംഗ്ഹാമിൽ ഓൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് പുരുഷ സിംഗിൾസിൽ ലക്ഷ്യാസെൻ സെമിയിൽ പ്രവേശിച്ചു. ചൈനീസ് താരം ലി ഷി ഫെങിനെ ക്വാർട്ടറിൽ പരാജയപ്പെടുത്തിയാണ് ലക്ഷ്യാസെൻ സെമിയിലെത്തിയത്. ഇന്ന് ആദ്യസെമിയിൽ കാനഡയുടെ വിക്ടർ ലായിയെ ലക്ഷ്യാസെൻ നേരിടും.

✪✪✪

ഏഷ്യൻ കപ്പ് വനിതാ ഫുട്ബോളിൽ ഇന്ത്യ ഇന്ന് ജപ്പാനെ നേരിടും. ഓസ്ട്രേലിയയിലെ പെർത്തിൽ വൈകീട്ട് 4.30 നാണ് മൽസരം.

✪✪✪

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് ഫിറ്റ് ഇന്ത്യ കാർണിവലിന്റെ രണ്ടാം പതിപ്പിന് ഇന്ന് ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ തുടക്കമാകും. പരിപാടിയുടെ സമാപനത്തിനുശേഷം 8, 9, 10 തീയതികളിൽ കാർണിവലും സംഘടിപ്പിക്കും. വനിതാ അത്‌ലറ്റുകളും പ്രചോദകരും പരിപാടിയിൽ പങ്കെടുക്കും.

✪✪✪

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് "നമ്മുടെ കേരളം സ്ത്രീപക്ഷ കേരളം" മുദ്രാവാക്യവുമായി ജോയിന്റ് കൗൺസിൽ വനിതാ കമ്മിറ്റി സംസ്ഥാന വ്യാപകമായി ഇന്ന് "ഹാപ്പി വിമെൻ വനിതാ കൂട്ടായ്മകൾ' സംഘടിപ്പിക്കും. സിവിൽ സർവീസിലെ വനിതാ ജീവനക്കാരുടെ പങ്കാളിത്തത്തോടെ മുഴുവൻ ജില്ലാ കേന്ദ്രങ്ങളിലും വനിതാ ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് ഭാരവാഹികൾ അറിയിച്ചു.

✪✪✪

കോവളം കേരള ആർട്സ് ആന്റ് ക്രാഫ്റ്റ്സ് വില്ലേജിൽ വനിതാ ദിനാചരണത്തിന്റെ ഭാഗമായി 'ഗോസിപ്പ് ' എന്ന തിയറ്റർ നൃത്ത ശില്പം അവതരിപ്പിച്ചു. സ്ത്രീസൗഹൃദങ്ങളെക്കുറിച്ച് പുതിയ കാഴ്ചപ്പാട് സമ്മാനിക്കുന്ന പരിപാടി, പുരുഷാധിപത്യ സമൂഹത്തിൽ സ്ത്രീകൾ പരസ്പരം നൽകുന്ന അതിജീവനത്തിന്റെയും, കരുതലിന്റെയും ആശയവിനിമയമാണെന്ന് വിലയിരുത്തുന്നു. ഇന്ന് ക്രാഫ്റ്റ്സ് വില്ലേജിൽ ഹോളി രംഗോത്സവ് അരങ്ങേറും.

✪✪✪

കുടുംബശ്രീ കാസർകോട് ജില്ലാ മിഷൻ, ജില്ലാ പഞ്ചായത്തുമായി ചേർന്ന് നടപ്പിലാക്കുന്ന 'അമ്മട്ടീച്ചർ' പദ്ധതിയ്ക്ക് തുടക്കമായി. അയൽക്കൂട്ട കുടുംബങ്ങളിലെ നാലാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക്, അമ്മമാരുടെ സഹായത്തോടെ വീടുകളിൽ ഇംഗ്ലീഷ് പഠനത്തിന് പിന്തുണ നൽകുന്ന പദ്ധതിയാണിത്. നീലേശ്വരം നഗരസഭാ ഹാളിൽ M.രാജഗോപാലൻ MLA പരിപാടി ഉദ്ഘാടനം ചെയ്തു.

✪✪✪

സംസ്ഥാനത്തെ നിരവധി സങ്കീർണമായ ഭൂവിഷയങ്ങൾ കഴിഞ്ഞ 10 വർഷങ്ങളിൽ പരിഹരിക്കാൻ കഴിഞ്ഞെന്ന് മന്ത്രി K രാജൻ അറിയിച്ചു. കൊല്ലം ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷനിൽ നിയോജകമണ്ഡലതല പട്ടയമേള ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇതുവരെ നാല് ലക്ഷത്തി 86,000 ത്തിൽപ്പരം പട്ടയങ്ങൾ വിതരണം ചെയ്തതായി മന്ത്രി അറിയിച്ചു.

✪✪✪

ഇസ്ലാമിക ചരിത്രത്തിലെ ബദർ യുദ്ധത്തിന്റെ സ്മരണ പുതുക്കി വിശ്വാസികൾ ഇന്ന് ബദർ ദിനം ആചരിക്കുന്നു. ബദർ ദിനത്തോടനുബന്ധിച്ച് ഇന്ന് പള്ളികളിലും വീടുകളിലും പ്രത്യേകം പ്രാർത്ഥനകളും മൗലിദ് പാരായണവും നടത്തും.

✪✪✪

കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്രസിംഗിന്റെ ലക്ഷദ്വീപ് സന്ദർശനം തുടരുന്നു. കവരത്തി ദ്വീപിലെത്തിയ അദ്ദേഹത്തെ ഇന്നലെ ഹെലിപ്പാഡിൽ അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് SB ദീപക് കുമാറും സംഘവും സ്വീകരിച്ചു. കടൽ വെള്ളം കുടിവെള്ളമാക്കുന്ന പുതിയ ഡീസാലിനേഷൻ പ്ലാന്റും, നിലവിൽ പ്രവർത്തിക്കുന്ന ജലശുദ്ധീകരണ ശാലയും കേന്ദ്രമന്ത്രി സന്ദർശിച്ചു.

✪✪✪

---

News Editor : ശ്രുതി എം, News Reader : അനിൽ ചന്ദ്രൻ, NRTs: രജിന കെ, DEO: ഷീബ